V. പ്രമേയം

(1) മദ്രാസിലെ ആശാൻ മെമ്മോറിയൽ സ്കൂളിനെസംബന്ധിച്ചുള്ള ശ്രീ. പി. കെ. വാസുദേവൻ നായരുടെ പ്രമേയം

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, വിദ്യാഭ്യാസ മന്ത്രിയുടെയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും, ഗവൺമെൻറിൻേറയും ഈ സഭയുടേയും ശ്രദ്ധ വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിലേക്ക് ക്ഷണിക്കാൻ ഞാൻ 2 മിനിട്ട് ഉപയോഗിക്കുകയാണ്.

മദ്രാസ് നഗരത്തിൽ വളരെ പ്രശസ്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'ആശാൻ മെമ്മോറിയൽ സ്കൂളിനെ'ക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. മലയാളികളായ വിദ്യാർത്ഥികളുടെ ഒരു ആശ്രയകേന്ദ്രമാണ് പ്രസ്തുത വിദ്യാലയം. ഏതാണ്ട് മൂവായിരത്തോളം വിദ്യാർത്ഥികളുള്ള ആ സ്കൂളിൽ 1,600-ൽ അധികം മലയാളികളായ വിദ്യാർത്ഥികളാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത വിദ്യാലയത്തിൻെറ വികസനത്തിനുവേണ്ടി കഴിഞ്ഞ ഒട്ടേറെവർഷങ്ങളായ്, സമീപത്തുള്ള സ്ഥലമെടുക്കാനും മറ്റുമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ആ കാര്യത്തിൽ മദ്രാസ് ഗവൺമെൻറ് സഹായകരമായ നിലപാട് സ്വീകരിച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ അടുത്തകാലത്ത് ആ വികസനം തടയപ്പെടുന്നതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായിരിക്കുകയാണ്. കേന്ദ്രഗവൺമെൻറിൻേറയും, സംസ്ഥാന ഗവൺമെൻറിൻേറയും തമിഴ്നാട് ഗവൺമെൻറിൻേറയുമൊക്കെ ശ്രദ്ധ ഈ കാര്യത്തിലേക്ക് ക്ഷണിച്ചിട്ടുമുണ്ടായിരുന്നു. കേന്ദ്രഗവൺമെൻറിൻെറ 'സെൻട്രൽ ബോർഡ് ഓഫ് എഡ്യൂക്കേഷനോട്' അഫിലിയേറ്റ് ചെയ്തിട്ടുള്ള ഈ വിദ്യാലയത്തിൻെറ, പ്രീഡിഗ്രി ക്ലാസുകളുടെ അഫിലിയേഷൻതന്നെ ഒരുപക്ഷേ നഷ്ടപ്പെടും, വികസനത്തിന്, പ്ലേഗ്രൗണ്ടിനുംമറ്റും ആവശ്യമായ സ്ഥലം കിട്ടിയില്ലെങ്കിൽ. ഈ കാര്യത്തിൽ കേരളാ ഗവൺമെൻറിന് പരിമിതികളുണ്ടെന്ന് എനിക്കറിയാം. എന്നാലും വിദ്യാഭ്യാസ മന്ത്രിയുടേയും, ഗവൺമെൻറിൻേറയും (ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തോ ചില പരിശ്രമങ്ങൾ ഈ കാര്യത്തിൽ നടത്തിയിട്ടുണ്ടെന്നോണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്). 'ഗുഡ് ആഫീസസ്' ഉപയോഗിച്ചിട്ട്, മദ്രാസ് നഗരത്തിൽ ലക്ഷക്കണക്കിന് മലയാളികളായ വിദ്യാർത്ഥികളുണ്ടെന്നുള്ളത് കണക്കിലെടുത്ത്, ആ വിദ്യാർത്ഥികളെ സംബന്ധിച്ച് ഏറ്റവും നല്ല വിദ്യാലയമാണത്—ആ വിദ്യാലയത്തിൻെറ രക്ഷയ്ക്കുവേണ്ടി, അതിൻെറ പുരോഗതിക്കുവേണ്ടി, ചെയ്യാവുന്ന എല്ലാ കാര്യങ്ങളും സത്വരമായി ചെയ്യണമെന്ന് ഞാൻ ഈ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. ആ കാര്യത്തിൽ ഗവൺമെൻറിന് എന്തുചെയ്യാൻ കഴിയുമെന്ന് അറിഞ്ഞാൽ തരക്കേടില്ല.

ശ്രീ. കെ. കരുണാകരൻ: ഹോസ്പിറ്റൽ പണിയാനുള്ള ആവശ്യത്തിലേക്ക് മറ്റൊരുകൂട്ടർ ശ്രമിക്കുന്നതായിട്ടാണ് വിവരം കിട്ടിയിട്ടുള്ളത്. ഹോസ്പിറ്റലെന്നുള്ളത് നല്ലകാര്യമാണെങ്കിൽത്തന്നെയും, ഇവിടെ ചൂണ്ടിക്കാണിച്ചപോലെ വിദ്യാഭ്യാസസ്ഥാപനത്തിൻെറ പ്രവർത്തനം വാസ്തവത്തിൽ പൂർണ്ണമായും ഉപേക്ഷിക്കേണ്ടിവരും. തൊട്ടടുത്ത സ്ഥലത്ത് ഒരു ഹോസ്പ്പിറ്റൽ വന്നുകഴിഞ്ഞാൽ, അവിടെ വരുന്ന പേഷ്യൻറ്സ് പല

LIBRARY ARCHIVES Kerala Legislative Assembly

കണ്ടേജിയസ് ഡിസീസ് ഉള്ളവരുമായിരിക്കും. അങ്ങനെയാകുമ്പോൾ അവിടെ സ്ക്കൂൾ തുടരാൻ സാധിക്കുകയില്ല. കേരളീയരായ, മദ്രാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അത് ദോഷംചെയ്യും. ഇക്കാര്യം കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, തമിഴ്നാട് ഗവൺമെൻറിൽനിന്ന് കിട്ടിയിട്ടുള്ള മറുപടി ഹോസ്പ്പിറലുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നില്ല എന്ന മറുപടിയാണ് കിട്ടിയത്. ഏതായാലും ഇതൊരു ഗൗരവതരമായ പ്രശ്നമായതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ കാര്യത്തിൽ തമിഴ്നാട് ഗവൺമെൻറുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിഹാരം ഉടൻ ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. മദ്രാസ് നഗരത്തിൽ 1966-ൽ കേരളാ ഗവൺമെൻറിൻെറ സഹായത്തോടുകൂടി 'ആശാൻ മെമ്മോറിയൽ അസോസിയേഷൻ' 'ആശാൻ മെമ്മോറിയൽ സ്ക്കൂൾ' തുടങ്ങി. അത് ബഹുമാനപ്പെട്ട ശ്രീ. പി. കെ. വി. സൂചിപ്പിച്ചപോലെ വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ്. കേരളാ ഗവൺമെൻറ് 99 വർഷത്തേക്ക് പാട്ടത്തിന് കൊടുത്തതാണ് കൊച്ചിൻ ഹൗസ്. അവിടെയാണ് ഈ സ്ക്കൂൾ നടന്നുകൊണ്ടിരിക്കുന്നത്. ആ സ്ക്കൂളിൻെറ വികസനത്തിനുവേണ്ടി കൂടുതൽ ഭൂമി ആവശ്യമാണെന്ന് വന്ന അവസരത്തിൽ, തമിഴ്നാട് ഗവൺമെൻറിനെ സമീപിച്ചു. എൻെറ അറിവ് മദ്രാസ് ഡിസ്ട്രിക്ട് കലക്ടറുടെ നിർദ്ദേശാനുസരണം 12 ലക്ഷം രൂപ ഭൂമി അക്വയർചെയ്യുന്നതിനുവേണ്ടി കെട്ടിവയ്ക്കുകയും ചെയ്തു എന്നാണ്. പിന്നീടാണ് ആ സ്ഥലം മറെറാരു സ്വകാര്യ കമ്പനി ആശുപത്രിയുടെ ആവശ്യത്തിനുവേണ്ടി ഒറിജിനൽ ഉടമസ്ഥനിൽനിന്ന് വിലയ്ക്കു വാങ്ങിയത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ സ്ക്കൂളിനടുത്ത് ആശുപത്രി കെട്ടിടത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നു എന്നാണ് അറിയുന്നത്. ഇത് അറിഞ്ഞ ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് ഈ കാര്യത്തിൽ ഇടപെട്ട് വേണ്ട നടപടി സ്വീകരിക്കണമെന്ന് എഴുതി അയച്ചു. ആ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു എന്നുള്ളതിനെസംബന്ധിച്ച് മറുപടിയൊന്നും കിട്ടിയിട്ടില്ലെങ്കിലും അനൗദ്യോഗികമായി അറിയാൻ കഴിഞ്ഞത് അതിൻമേലുള്ള അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ല, അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു എന്നാണ്.

മറെറാരു പ്രത്യേകതയുമുണ്ട്. പ്രധാനമായും ഇത് തമിഴ്നാട് ഗവൺമെൻറിൻെറ പ്രശ്നമാണ്. അവർതന്നെ കൈകാര്യംചെയ്ത് പരിഹാരം കണ്ടെത്തേണ്ട ഒരു പ്രശ്നമാണ്. മറാർക്കെങ്കിലും അതിൽ കാര്യമായി എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് എനിക്ക് അഭിപ്രായമില്ല. മറെറാരു പ്രശ്നം ഇതൊരു ഭാഷാന്യൂനപക്ഷത്തിൻെറ പ്രശ്നമാണ്. കേരളാ ഗവൺമെൻറ് 1966-ൽ ഗവൺമെൻറിൻെറ ഉടമയിലുണ്ടായിരുന്ന കെട്ടിടവും സാമ്പത്തിക സഹായവും നൽകിയത് പ്രധാനമായും മദ്രാസ് നഗരത്തിൽ താമസിക്കുന്ന ഒരു ഭാഷാന്യൂനപക്ഷമായ മലയാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസസൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. അത് വളർന്ന് പന്തലിച്ചുകഴിയുമ്പോൾ ന്യൂനപക്ഷത്തിന് മാത്രമല്ലല്ലോ അതിൻെറ പ്രയോജനം ലഭിക്കുന്നത്. എങ്കിലും പ്രധാനമായും ഭാഷാന്യൂനപക്ഷത്തിൻെറ താൽപര്യം സംരക്ഷിക്കാൻ, അവരുടെ വിദ്യാഭ്യാസസൗകര്യം കണക്കിലെടുത്തുകൊണ്ടാണ് ആശാൻ മെമ്മോറിയൽ അസോസിയേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയത്. തീർച്ചയായും തമിഴ്നാട് ഗവൺമെന്റ് ഈ പ്രശ്നം ഗൗരവമായി കാണുമെന്നും സഹതാപപൂർവം അതിൽ പെരുമാറുമെന്നുമാണ് കേരളാ ഗവൺമെന്റിന്റെ പ്രതീക്ഷ. ബഹുമാനപ്പെട്ട പി. കെ. വി. സൂചിപ്പിച്ചപോലെ ഗുഡ് ആഫീസസ് മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളു. തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെടും. തീർച്ചയായും അവർ ചെയ്യുമെന്നാണ് പ്രതീക്ഷ. അതിനാവശ്യമായ എല്ലാ നടപടികളും, സ്നേഹപൂർവമായ പ്രേരണയും—പൂർണ്ണമായും ഇത് അവരുടെ ആഭ്യന്തരപ്രശ്നമാണെന്നുള്ളത് മനസ്സിൽ വച്ചുകൊണ്ടുതന്നെ—ഇതിനുവേണ്ടി നൽകുന്നതായിരിക്കും.

(2) ഇൻഡ്യൻ ഉദ്യോഗാർത്ഥികളുടെ ഒരു സംഘം സൗദി അറേബ്യയിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള ശ്രീ. എം. എം. ഹസ്സന്റെ പ്രമേയം

ശ്രീ. എം. എം. ഹസ്സൻ: ബഹുഭൂരിപക്ഷംവരുന്ന മലയാളികളും ഉൾക്കൊള്ളുന്ന ഇൻഡ്യൻ ഉദ്യോഗാർത്ഥികളുടെ ഒരു സംഘം സൗദി അറേബ്യയിൽ അനുഭവിക്കുന്ന വളരെ വേദനനിറഞ്ഞ ബുദ്ധിമുട്ടുകളിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഗവൺമെന്റിന്റേയും സത്വര ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ശ്രമിക്കുന്നത്.

ബോംബെ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഒരു റിക്രൂട്ടിംഗ് ഏജൻസി കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് ഉയർന്ന ശമ്പളം വാഗ്ദാനംചെയ്തുകൊണ്ട് സൗദി അറേബ്യയിലെ മുനിസിപ്പാലിറ്റികളിലുള്ള കൃഷിത്തോട്ടങ്ങളിൽ പണിചെയ്യാൻ ഏതാണ്ട് അറുനൂറോളം ആളുകളെ റിക്രൂട്ട്ചെയ്ത് സൗദി അറേബ്യയിലേക്ക് കൊണ്ടുപോയി. അതിൽ ഭൂരിപക്ഷം ആളുകളും മലയാളികളാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ധാരാളം ആളുകളും ആ സംഘത്തിൽപ്പെട്ടിട്ടുണ്ട്. അവിടെ കൊണ്ടുപോയി അവർക്ക് തൂപ്പുജോലിയും ചപ്പുചവറുകളും വാരുന്ന ജോലിയുമാണ് നൽകിയിരിക്കുന്നത്. സൗദി അറേബ്യയിലെ റിയാദ് റോഡിലുള്ള 'അൽതോപാ', 'അൽകോബ' എന്നീ രണ്ടു പ്രദേശങ്ങളിൽ തടങ്കൽപ്പാളയങ്ങളുണ്ടാക്കി, അവിടെ പല ആളുകളും പട്ടിണിമരണങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നാല് ആളുകളും ഇതിനകം മരിച്ചു. അൻപതോളം ആളുകളും രോഗശയ്യയിലാണ്. പത്ത്—എഴുപത് ആളുകളും ഇവിടെനിന്ന് ഗവൺമെന്റ് ജോലി രാജിവച്ചാണ് പോയത്. 4,500 രൂപ മുതൽ 12,000 രൂപവരെ ശമ്പളം വാഗ്ദാനംചെയ്താണ് ആളുകളെ അവിടെ കൊണ്ടുപോയത്. അവിടെ കൊണ്ടുപോയി അവരെക്കൊണ്ട് പത്തും, പന്ത്രണ്ടും മണിക്കൂർ ജോലി ചെയ്യിക്കുകയാണ്. അവരുടെ പാസ്പോർട്ടും മറ്റെല്ലാംതന്നെ ചില അറബികളുടെ കൈയിലായിപ്പോയി. ഒരു മലയാളിയായ ശ്രീ. ടി. പി. പി. അബ്ദുള്ളയാണ് അവിടെ സ്ഥാനപതിയായി ഇരിക്കുന്നത്. പലർക്കും ഇതിനെക്കുറിച്ച് പരാതിപ്പെടാൻ വൈഷമ്യമുണ്ട്.

കൂടുതൽ മലയാളികളും ഉൾക്കൊള്ളുന്ന സംഘമായതുകൊണ്ട്, കേരളാ ഗവൺമെന്റ് ഇത് ഇൻഡ്യാഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളും അടിയന്തിരമായി ആവിഷ്കരിക്കുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly